പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.593 28.02.2017 ൽ മറുപടിയ്ക്ക്

## അത്‌ലറ്റിക് ഗ്രൗണ്ടുകളും ഗെയിംസ് കോർട്ടുകളും നിർമ്മിക്കാനുള്ള ഫണ്ട്

ചോദ്യം.

ശ്രീ.കെ.ഡി.പ്രസേനൻ

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ കായിക പരിശീലനത്തിനാവശ്യമായ അത്‌ലറ്റിക് ഗ്രൗണ്ടുകളും, ഗെയിംസിനുള്ള കോർട്ടുകളും നിർമ്മിക്കാനുള്ള ഫണ്ടുകൾ ഏതെല്ലാം മാർഗ്ഗത്തിലൂടെയാണ് സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധികാര പരിധിയിലുള്ളവ യാണ്. എന്നാൽ സർക്കാർ എയ്ഡഡ് വിദ്യലയങ്ങളിൽ കായിപരിശീലനത്തിനാ വശ്യമായ അത് ലറ്റിക് ഗ്രൗണ്ടുകളും ഗെയിംസിനുള്ള കോർട്ടുകളും നിർമ്മിക്കാനുള്ള ഫണ്ടുകൾ വിദ്യാഭ്യാസ വകുപ്പ് സ്വരൂപിക്കുന്നില്ല. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് കൗൺസിൽ മുൻഗണന നൽകുന്നത്. |
| ബി) | സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സർക്കാർ -എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിന് നിയമ തടസ്സങ്ങളുണ്ടോ; | | |
| സി) | ഇത്തരം ഫണ്ട് അനുവദിക്കുമ്പോൾ ഒരു സർക്കാർ വിദ്യാലയം പോലുമില്ലാത്ത പഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്ത് എയ്ഡഡ് സ്കൂളുകൾക്ക് വിട്ടുനൽകിയ വിദ്യാലയങ്ങളിൽ പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിന് പ്രത്യേക പരിഗണന നൽകുവാൻ തയ്യാറാകുമോ? | (സി) | പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ